# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3636** 15.03.2018-ൽ മറുപടിക്ക്

ബാണാസുര സാഗർ ഹൈഡൽ ടൂറിസം പദ്ധതി

| | ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ബാണാസുര സാഗർ ഹൈഡൽ ടൂറിസം പദ്ധതി പ്രതിദിനം എത്ര വിനോദസഞ്ചാരികളാണ് സന്ദർശിക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര പേരാണ് പ്രതിദിനം ഈ കേന്ദ്രം സന്ദർശിക്കുന്നത്; | (എ) | കണക്കാക്കിയിട്ടുണ്ട്. പ്രവർത്തി ദിനങ്ങളിൽ ശരാശരി 2500 പേരും, അവധി ദിനങ്ങളിൽ ശരാശരി 3500 പേരും ഇവിടം സന്ദർശിക്കുന്നുണ്ട്. |
| (ബി) | ഈ ടൂറിസം പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നില്ലെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | ഈ ടൂറിസം പദ്ധതിയെ ഗൗരവകരമായി കണ്ടുകൊണ്ട് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (സി) | സന്ദർശകർക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കുന്നതിന് അധികൃതർ വൈമനസ്യം കാണിക്കുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെയെത്തുന്ന സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യം ലഭ്യമാക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽ ഹൈഡൽ ടൂറിസം പ്രതിജ്ഞാബദ്ധമാണ്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | എത്ര ബോട്ടുകളാണ് ഇവിടെ സർവ്വീസ് നടത്തുന്നത്; ആവശ്യമായ എണ്ണം ബോട്ടുകൾ സർവ്വീസ് നടത്താത്തത് വിനോദസഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ കൂടുതൽ ബോട്ടുകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ 6 സ്പീഡ് ബോട്ടുകളും ഒരു പൊന്റൂൺ ബോട്ടും വിനോദ സഞ്ചാരികൾക്കായി സർവ്വീസ് നടത്തുന്നുണ്ട്. കൂടുതൽ ബോട്ടുകൾ വാങ്ങുന്ന കാര്യം സജീവ പരിഗണനയിലാണ്. |

(signature)

സെക്ഷൻ ഓഫീസർ